<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കുട്ടനാട്ടിലെ എൻ. സി. സി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ സ്ഥാപിക്കുന്ന നാഷണൽ എൻ.സി. സി ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ.സി.സി യുടെ നേവൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 25 സെന്റ് ഭൂമി റവന്യൂ വകുപ്പ് അനുവദിക്കുകയും ടി ഭൂമിയിൽ ഫെൻസിങ് നിർമ്മാണത്തിന് 48 ലക്ഷം രൂപ എൻ.സി.സി വകുപ്പ് പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയിട്ടുമുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്. |
| (ബി) | ഈ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിൽ പരാതികൾ ഉള്ള വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | നേവൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം നടത്തുന്ന ഭൂമിയിലൂടെ കടന്നു പോകുന്ന വഴി സംബന്ധിച്ച് ചങ്ങനാശ്ശേരി ആർച്ച് ഡയോസിസ് ആലപ്പുഴ മുൻസിഫ് കോടതിയിൽ ഒ.എസ്.285/2019, ഒ.എസ്.803/2019 എന്നിങ്ങനെ 2 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ഒ.എസ്.285/2019 കേസിലെ 28/10/2024 തീയതിയിലെ പോസ്റ്റിംഗിനു ശേഷം ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ച് അനുരഞ്ജനത്തിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണെന്നു ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ